**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2114** | **21-06-2024 - ൽ മറുപടിയ്ക്ക്**

**കുമ്പള പോലീസ് സ്റേഷൻ പരിധിയിലെ മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽ മോഷണങ്ങൾ വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | കഴിഞ്ഞ മൂന്ന് വർഷത്തിൽ പ്രസ്തുത സ്റ്റേഷൻ പരിധികളിൽ എത്ര മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദ വിവരങ്ങളും ലഭ്യമാക്കുമോ; | (ബി) | **01/01/2021 മുതൽ 31/05/2024 വരെയുള്ള കാലയളവിൽ മോഷണവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം പോലീസ് സ്റ്റേഷനിലാണ് കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.** |
| (സി) | പ്രസ്തുത കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തതും തൊണ്ടിമുതൽ കണ്ടെത്തിയതുമായ കേസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | **പ്രസ്തുത കേസുകളിൽ പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തതും തൊണ്ടിമുതൽ കണ്ടെത്തിയതുമായി മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ 39 കേസുകളും, കുമ്പള പോലീസ് സ്റ്റേഷനിൽ 21 കേസുകളും ഉൾപ്പെടെ ആകെ 60 കേസുകൾ ഉണ്ട്. മോഷണ വസ്തുക്കളെയും പ്രതികളെയും സംബന്ധിച്ച് ക്രൈം കാർഡുകൾ തയ്യാറാക്കി എല്ലാ സ്റ്റേഷനിലേക്കും അയച്ചുകൊടുത്തും കേരള കർണാടക അതിർത്തി പ്രദേശങ്ങളിൽ പരിശോധന കർശനമാക്കിയുമാണ് ഇവ കണ്ടെത്തിയത്.** |
| (ഡി) | കാലവർഷകാലത്ത് പ്രസ്തുത പ്രദേശങ്ങളിൽ മോഷണം തടയുന്നതിന് ഫലപ്രദമായ എന്ത് നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ജനപ്രതിനിധികൾ സന്നദ്ധ സംഘടനകൾ സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ യോഗം വിളിച്ച് പ്രസ്തുത പ്രദേശത്ത് ജാഗ്രത സമിതി രൂപീകരിക്കുന്നതിനും രാത്രികാല പെട്രോളിംഗ് കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ഡി) | **മോഷണങ്ങൾ തടയുന്നതിന് രാത്രി കാലങ്ങളിൽ ആരാധനാലയങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഊർജിതമായ പട്രോളിംഗ് നടത്തി വരികയും, കൂടാതെ സമാന രീതിയിൽ മോഷണം നടത്തുന്നവരെയും അടുത്ത കാലങ്ങളിൽ ജയിൽ മോചിതരായവരെയും നിരീക്ഷിച്ച് അവരുടെ നിലവിലെ അവസ്ഥ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. മോഷണ കേസുകളിൽ ഉൾപ്പെട്ട പ്രതികളെ പിടികൂടുന്നതിനായി മോഷണ വസ്തുക്കളെയും പ്രതികളെയും സംബന്ധിച്ച് ക്രൈം കാർഡുകൾ തയ്യാറാക്കി എല്ലാ സ്റ്റേഷനിലേക്കും അയച്ചു കൊടുത്തും കേരള കർണാടക അതിർത്തി പ്രദേശങ്ങളിൽ പരിശോധന കർശനമാക്കിയും ജനമൈത്രി ബീറ്റ് ഓഫീസർമാരെ ഉപയോഗിച്ച് വിവര ശേഖരണം നടത്തിയും നടപടികൾ സ്വീകരിച്ച്** |

| | | | |
|---|---|---|---|
| | | | **വരുന്നുണ്ട്. മോഷണ കേസുകൾ തടയുന്നതിനും അന്വേഷിക്കുന്നതിനുമായി ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ക്രൈം സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് ജനപ്രതിനിധികളുടെ യോഗം എല്ലാ മാസവും വിളിക്കുകയും ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ